
# സുവർണ്ണമയൂര തട്ടിപ്പ്




ഇത് സുൽത്താൻ റാസയുടെ സന്ദേശമാണല്ലോ. അദ്ദേഹം സുവർണ്ണമയൂര ത്തിന്റെ ഷെയറുകൾക്ക് ഇരട്ടിതുക തരാൻ തയ്യാറാണെന്നാ പറയുന്നത്.
ആ ദുഷ്ടൻ! എല്ലായ്പ്പോഴും എന്നോടു മത്സരിച്ചുകൊണ്ടിരിക്കുന്നു!
റാസക്ക് ഷെയറുകൾ കിട്ടുകയാണെങ്കിൽ സമർഖണ്ഡ് നമ്മുടെ രാജ്യത്തിനേക്കാൾ സമ്പന്നമാകും.
മെഹർഷാദ് ഷാംസ് നിങ്ങൾ അയാളുടെ ആവശ്യം പരിഗണിക്കരുത്.
മഹാരാജൻ ഞാനൊരു പാവം വ്യാപാരിയാണ്. എനിക്ക് വേണ്ടത് ലാഭമാണ്. നഷ്ടമല്ല.
പണം ഏർപ്പാടാക്കാൻ ഞങ്ങൾക്ക് കുറച്ചു ദിവസങ്ങൾ കൂടി തരൂ.
വളരെ നന്ദി. നമ്മുടെ ഇടപാട് തീർക്കാനായി ഞാൻ എത്രയും പെട്ടെന്ന് തന്നെ മടങ്ങിവരാം.
ആ സമയം അത്ര പന്തിയായി തോന്നുന്നില്ലല്ലോ!
നമ്മുടെ ഏറ്റവും വേഗതയുള്ള സഞ്ചാരിയെ ഉടൻ സമർഖണ്ഡിലേക്ക് അയക്കൂ . എനിക്ക് ചില കാര്യങ്ങൾ പരിശോധിച്ചറിയാനുണ്ട്..
ശരി പ്രഭോ.
*കുറച്ചു ദിവസങ്ങൾക്ക് ശേഷം -*
നമ്മൾ തമ്മിൽ പറഞ്ഞതനുസരിച്ച് സുവർണ്ണമയൂരത്തിന്റെ 100 ഷെയറുകൾ ഇതാ മഹാരാജൻ.
ഇതാ നാം പറഞ്ഞ തുക.




*മെഹർസാദ് ഷാംസിനെപോലെയുള്ള വഞ്ചകരെ സൂക്ഷിക്കുക. അവർ വ്യാജ സ്റ്റോക്ക് നിക്ഷേപ പദ്ധതികൾ അവതരിപ്പിക്കുകയും അതിന് ഇല്ലാത്ത ആവശ്യക്കാരെ ഉണ്ടാക്കുകയും ചെയ്യും. ഇല്ലാത്ത വർദ്ധനയുണ്ടെന്ന് വരുത്തി അവർ കൂടുതൽ പലിശ ഈടാക്കി വലിയൊരു തുക തട്ടി എടുക്കും. നിയമവിരുദ്ധമായ ഇത്തരം പ്രവർത്തനങ്ങൾ 'പമ്പ് ആൻഡ് ഡംബ് തട്ടിപ്പ്' എന്നാണ് അറിയപ്പെടുന്നത്.*



# പ്രവർത്തനം

ബീർബൽ നഗരത്തിലെ വിളംബരങ്ങൾ നടത്തുന്ന ഒരു പയ്യനെ ഉപയോഗിച്ച് മെഹർസാദ് ഷാംസിനെ പോലെയുള്ള വഞ്ചകർക്കെതിരെ ജാഗ്രത പുലർത്താൻ ജനങ്ങളെ ഉദ്ബോധിപ്പിക്കാൻ ശ്രമിച്ചു. പക്ഷെ ധൃതി കാരണം സുവർണ്ണമയൂരത്തെക്കുറിച്ച് പ്രതിപാദിച്ചിരുന്ന ചിത്രകഥയിലെ കാര്യങ്ങൾ ക്രമം തെറ്റിയാണ് പയ്യൻ അവതരിപ്പിച്ചത്. ക്രമം ശരിയാക്കാൻ അവനെ നിങ്ങൾക്ക് സഹായിക്കാമോ?




ഉത്തരം: ശരിയായ ക്രമം: 4, 5, 1, 3, 2.